**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 184** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. നീലകണ്ഠൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും 25 ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്ന ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** 24.09.2026-ലെ സ.ഉ.(കൈ)295/2026/ആ.കു.വ. പ്രകാരം ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**(ബി)** ഡി.പി.ആർ.സമർപ്പിക്കുന്നതിനുള്ള കാലപരിധി, പദ്ധതി ഏത് രീതിയിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

**<u>മറുപടി:</u>** കമ്മിറ്റി രൂപീകരിച്ച് നാല് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന രീതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് വ്യക്തമാകുന്നതാണ്.

**(സി)** സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നിലവിലുള്ള മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിക്ക് ഒട്ടേറെ പോരായ്മകൾ ഉള്ളതിനാൽ അവരെയും ഈ ഇൻഷുറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മെഡിസെപ്പ് പദ്ധതിയിൽ ആശുപത്രികളുമായി കരാറിലേർപ്പെട്ടിരിക്കുന്നത് ഇൻഷുറൻസ് കമ്പനിയാണ്. ഗുണഭോക്താവ് ചികിത്സയ്ക്കായി ആശുപത്രിയിൽ അഡ്മിറ്റ് ആകുമ്പോൾ ഇൻഷുറൻസ് കമ്പനി ക്ലെയിം പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ക്യാഷ്‌ലെസ് ആനുകൂല്യം ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത്

ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഇതുവരെ തീരുമാനിച്ചിട്ടില്ല. വിശദമായ പദ്ധതി റിപ്പോർട്ട് (ഡി പി ആർ) പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**